പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279 — 18.2.2013-ന് മറുപടിക്ക്

## മാലിന്യ സംസ്കരണത്തിന് പുതിയ നയസമീപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. ജി. സുധാകരൻ<br>'' വി. ചെന്താമരാക്ഷൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ സംസ്ക്കരണത്തിന് അനുവർത്തിച്ചുവരുന്ന നയസമീപനങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകുമോ ; വിശദമാക്കാമോ ; | എ) മാലിന്യ സംസ്ക്കരണത്തിൽ അനുവർത്തിച്ച് വന്നിരുന്ന നയസമീപനങ്ങളിൽ ഇപ്പോൾ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്ത് മാലിന്യം ഉണ്ടാകുന്ന സ്ഥലത്ത് തന്നെ തരംതിരിക്കാനും ചീഞ്ഞ് അളിയുന്ന മാലിന്യങ്ങൾ അവിടെ തന്നെ സംസ്ക്കരിക്കാൻ പ്രേരണയും, പ്രോത്സാഹനമായി 90% സബ്സിഡിയും നൽകി വരുന്നു. നിലവിലുള്ള പൊതുമാലിന്യസംസ്ക്കരണ സംവിധാനങ്ങളെ നവീകരിക്കാനും കുറ്റമറ്റതാക്കാനും 100% സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് നൽകിവരുന്നു. കൂടാതെ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കോട്ടയം എന്നിവിടങ്ങളിൽ സ്ഥാപിക്കാനും നടപടികൾ കൈക്കൊണ്ടുവരുന്നു. |

| | |
|---|---|
| ബി) ഈ രംഗത്ത് സമൂലമായ മാറ്റം ആവശ്യമാ ണെന്ന് കരുതുന്നുണ്ടോ ; സമഗ്രമായ എന്തെങ്കിലും പഠനം ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടോ ; | ബി) ഈ മേഖലയിലെ വിദഗ്ദരുടെ കമ്മിറ്റികൾ ഇതിനായി രൂപീകരിച്ച് അവരുടെ പഠനറിപ്പോർട്ടുകളിലെ ശുപാർശ പ്രകാരമാണ് ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. |
| സി) ഭൂവിസ്തൃതി ഏറ്റവും കുറഞ്ഞ നഗരങ്ങളിലാണ് ഏറെപ്പേരും അധിവസിക്കുന്നതെന്ന യാഥാർത്ഥ്യം അംഗീകരിച്ചു കൊണ്ടുള്ള നിലപാടുകൾ സ്വീകരിക്കുമോ ? | സി) ഇക്കാര്യം അംഗീകരിച്ചുകൊണ്ട് നഗര പട്ടണപ്രദേശങ്ങളിൽ വികേന്ദ്രീകരണ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. |

സെക്ഷൻ ഓഫീസർ